# സാമൂഹ്യ പ്രത്യാഘാത പഠന അന്തിമ റിപ്പോർട്ട്
## ശബരി റെയിൽ പദ്ധതി

# അന്തിമ റിപ്പോർട്ട്

**12 - 11 - 2018**

**സമർപ്പണം**

**ജില്ലാ കളക്ടർ, എറണാകുളം**


**യൂത്ത് സോഷ്യൽ സർവ്വീസ് ഓർഗനൈസേഷൻ**

**സോഷ്യൽ സർവ്വീസ് സെന്റർ**

എം.എ. കോളേജ് പി.ഒ.

കോതമംഗലം – 686 666

ഫോൺ : 9446510628

ysso.net, email: ysso95@gmail.com


നോട്ടിഫിക്കേഷൻ C2-12783/2017-20-7-2018



# സാമൂഹ്യ പ്രത്യാഘാത പഠന അന്തിമ റിപ്പോർട്ട്

# അങ്കമാലി ശബരി റെയിൽ പദ്ധതി

## അന്തിമ റിപ്പോർട്ട്

## സമർപ്പണം

### ജില്ലാ കളക്ടർ, എറണാകുളം

അങ്കമാലി ശബരി റെയിൽവേ പ്രൊജക്ട്

**അങ്കമാലി വില്ലേജ്, Block No.: 12**

**Date : 12-11-2018**

**യൂത്ത് സോഷ്യൽ സർവ്വീസ് ഓർഗനൈസേഷൻ**
**സോഷ്യൽ സർവ്വീസ് സെന്റർ**
**എം.എ. കോളേജ് പി.ഒ.**
**കോതമംഗലം – 686 666**
**ഫോൺ : 0485 2971222, 9645391500**
**ysso.net, email: ysso95@gmail.com**
**നോട്ടിഫിക്കേഷൻ C2-12783/17-20/07/18**

**YOUTH SOCIAL SERVICE ORGANIZATION**
Social Service Center
M.A College P.O, Kothamangalam - 686 666, Cochin,Kerala
9446510628 | 0485 2971222 | 9645994000
www.ysso.net | ysso95@gmail.com

YSSO

Social Impact Assessment Unit, YSSO: G.O. (Rt.)No.5182/2017/RD, Govt. of Kerala, Revenue Dept.

# സാക്ഷ്യപത്രം

എറണാകുളം ജില്ലാ ഭരണകൂടം C 2-12783/2017, 20-07-2018ൽ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം ശബരി റയിൽപാത പദ്ധതിക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിന്, പദ്ധതിക്ക് ആസ്പദമായുള്ള സാമൂഹ്യ പ്രത്യാഘാത പഠനം യൂത്ത് സോഷ്യൽ സർവ്വീസ് ഓർഗനൈസേഷനെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. നിർദ്ദിഷ്ടപദ്ധതിയുമായി ബന്ധപ്പെട്ട ഭൂമിയുടെ വിവരങ്ങൾ സ്പെഷ്യൽ തഹസീൽദാർ ഓഫീസ് (LA) പെരുമ്പാവൂരിൽ നിന്നും, സതേൺ റയിൽവെ എറണാകുളം ലഭ്യമാക്കിയിട്ടുള്ളതാണ്. ഇതിനു പുറമെ എസ്.ഐ.എ. യൂണിറ്റ് പദ്ധതി ഭാഗത്തെ പദ്ധതി ബാധിത കുടുംബങ്ങളിൽ നിന്നും തൽപരകക്ഷികളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചിട്ടുള്ളതാണ്. പ്രസ്തുത വിവരങ്ങൾ ബന്ധപ്പെട്ട അധികാരികൾ രേഖ പരിശോധന നടത്തേണ്ടതാകുന്നു.

ചെയർമാൻ എസ്.ഐ.എ. യൂണിറ്റ്.

യൂത്ത് സോഷ്യൽ സർവ്വീസ് ഓർഗനൈസേഷൻ

YOUTH SOCIAL SERVICE ORGANIZATION COLLEGE P.O., COCHIN, KERALA-686 666 REG:112/95 KOTHAMANGALAM

തീയതി : 12-11-2018,

സ്ഥലം : പെരുമ്പാവൂർ.

## Form No. 6

**(See Rule 15(5)**

| Sl. No. | Chapter | Content |
|---|---|---|
| 1. | നിറവേറ്റേണ്ട ചുമതലകളുടെ ചുരുക്കം | 1. പദ്ധതിയും ജനകീയലക്ഷ്യങ്ങളും<br>2. സ്ഥലം<br>3. ഏറ്റെടുക്കുന്ന വസ്തുവിന്റെ വലിപ്പവും അതിന്റെ മേന്മകളും<br>4. പരിഗണിക്കപ്പെട്ട ബദൽമാർഗ്ഗങ്ങൾ<br>5. സമൂഹത്തിൽ ചെലുത്തുന്ന സ്വാധീനം/ആഘാതം<br>6. ലഘൂകരണ നടപടികൾ |
| 2. | പദ്ധതിയുടെ വിശദമായ വിവരണം | 1. നടത്തിപ്പുകാരുടെ പശ്ചാത്തലം, ഭരണശേഷി എന്നിവയുൾപ്പെടെയുള്ള പദ്ധതിയുടെ പശ്ചാത്തലം<br>2. പദ്ധതിയുടെ പശ്ചാത്തലവും യുക്തിയും<br>3. പദ്ധതിയുടെ വലിപ്പം, സ്ഥാനം, ശേഷി, ഫലം, നിർമ്മാണ ലക്ഷ്യം, ചിലവ്, ബാധ്യത എന്നിവയുടെ വിവരങ്ങൾ<br>4. ബദൽ കണ്ടെത്തൽ<br>5. നിർമ്മാണ ഘട്ടങ്ങൾ<br>6. അടിസ്ഥാന രൂപരേഖയുടെ പ്രത്യേകത, വലിപ്പം, സൗകര്യങ്ങളുടെ തരംതിരിവ്<br>7. അനുബന്ധ സൗകര്യങ്ങളുടെ ആവശ്യം<br>8. ജോലിക്കാരുടെ വലിപ്പം (താൽക്കാലികം, സ്ഥിരം)<br>9. സാമൂഹ്യാഘാത പഠനവിവരം/പരിസ്ഥിതി ആഘാതം (നേരത്തെ ഉണ്ടാക്കിയതുണ്ടെങ്കിൽ ഏതെങ്കിലും സാങ്കേതിക സാധ്യത പഠന വിവരവും<br>10. പ്രസക്തമായ നിയമങ്ങൾ, നയങ്ങൾ |
| 3. | ടീമിനെ രൂപീകരിക്കുന്നതിനോടുള്ള സമീപനം, സമ്പ്രദായം, സാമൂഹ്യാഘാത പഠനത്തിന്റെ സമയക്രമം | 1. ആമുഖം<br>2. ടീം അംഗങ്ങളുടെ പട്ടിക, യോഗ്യത, വിശദവിവരം,<br>3. പഠനത്തിനുള്ള വിവര ശേഖരണത്തിനുവേണ്ട ഉപാധികളും സമ്പ്രദായ രീതികളും |

| | | |
|---|---|---|
| | | 4. മാതൃകകൾ നടത്തിയ രീതി<br>5. വിവര ശ്രോതസ്സിന്റെ അവലോകനം<br>6. തൽപ്പരകക്ഷികളുമായുള്ള ആലോചനകളുടെ വിവരങ്ങൾ<br>7. നടത്തിയിട്ടുള്ള പൊതുവിസ്താരത്തിന്റെ ചുരുങ്ങിയ വിവരണം |
| 4. | സ്ഥല നിർണ്ണയം | 1. പശ്ചാത്തലം<br>2. വസ്തു വിവര പട്ടിക (നിർദ്ദിഷ്ടപദ്ധതിയുടെ ഭൂപടം)<br>3. പദ്ധതിക്കാവശ്യമായ ഭൂമി<br>4. പദ്ധതിയുടെ സ്വാധീനംമൂലം മൊത്തത്തിലുള്ള പ്രത്യാഘാതം<br>5. പൊതുഭൂമിയുടെ ആവശ്യകത<br>6. പദ്ധതിക്കുവേ ി ഇതിനോടകം വാങ്ങിയതോ, തിരിച്ചിട്ടതോ വാടകയ്ക്കെടുത്തതോ, ഏറ്റെടുത്തതോ ആയ സ്ഥലം<br>7. പദ്ധതി പ്രദേശത്തെ മുൻകാല വ്യവഹാരങ്ങൾ |
| 5. | അനുമാനകണക്കും, ബാധിക്കുന്ന കുടുംബങ്ങളുടേയും വസ്തുക്കളുടെയും എണ്ണം (ഉണ്ടെങ്കിൽ) | 1. കുടുംബങ്ങളുടെ അനുമാന കണക്ക്<br>2. നേരിട്ടു ബാധിക്കുന്ന കുടുംബങ്ങൾ (സ്വന്തം സ്ഥലം)<br>3. പട്ടിക വർഗ്ഗക്കാരുടെയോ, വനാവകാശം നഷ്ടപ്പെടുന്ന പരമ്പരാഗത വനനിവാസികളുടെ കുടുംബം<br>4. ഏറ്റെടുക്കൽ മൂലം ഉപജീവന മാർഗ്ഗം നഷ്ടപ്പെടുന്ന പൊതുസ്ഥലത്ത് ആശ്രയിച്ച് കഴിയുന്ന കുടുംബങ്ങൾ<br>5. ഏറ്റെടുക്കുന്ന സ്ഥലം സംസ്ഥാന കേന്ദ്രസർക്കാരുകളുടെ ഏതെങ്കിലും ക്ഷേമപദ്ധതിയുടെ ഭാഗമായി ലഭിച്ച കുടുംബങ്ങളുടേതാണോ?<br>6. ഏറ്റെടുക്കലിന മൂന്ന് വർഷമോ അതിലധികമോ മുമ്പായി നഗരപ്രദേശങ്ങളിൽ പാർക്കുന്ന കുടുംബങ്ങളാണോ?<br>7. ഏറ്റെടുക്കുന്ന സ്ഥലം മൂന്ന് വർഷമായി ഉപജീവനത്തിനായി ആശ്രയിച്ചിരുന്ന കുടുംബങ്ങളാണോ?<br>8. സ്ഥലം ഫലസിദ്ധിയുള്ളതോ, വിലയേറിയതോ ആണെങ്കിൽ അതിന്റെ പട്ടിക |
| 6 | സാമൂഹ്യ-സാമ്പത്തിക സാംസ്കാരിക പ്രാധാന്യം (ബാധിത പ്രദേശവും പുനരധിവാസ | 1. പദ്ധതി പ്രദേശത്തെ ജനസംഖ്യാ വിവരം<br>2. വരുമാനവും ദാരിദ്ര്യനിലയും<br>3. സ്ഥല ഉപയോഗവും ജീവിത വൃത്തിയും<br>4. പ്രാദേശിക ഉപജീവന പ്രവർത്തനങ്ങൾ |

| | | |
|---|---|---|
| | സ്ഥലവും) | 5. **ഉപജീവനത്തിന സഹായിക്കുന്ന പ്രാദേശിക ഘടകങ്ങൾ** |
| 7 | സാമൂഹ്യാഘാതത്തിന്റെ നിർവ്വഹണം, ലക്ഷ്യം | 1. **ലഘൂകരിക്കാനുള്ള സമീപനം**<br>2. **ഒഴിവാക്കാനോ, ശമിപ്പിക്കാനോ, പരിഹാരം നൽകാനോ പറ്റിയ നടപടികൾ**<br>3. **നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതു പ്രകാരം, പുനരധിവാസത്തിനോ, മാറ്റി താമസിപ്പിക്കാനോ ആവശ്യമായ നടപടികൾ**<br>4. **ഭൂമി ആവശ്യപ്പെടുന്ന സ്ഥാപനം നഷ്ടപരിഹാരവുമായി ബന്ധപ്പെട്ടു പദ്ധതി രേഖയിൽ പ്രസ്താവിച്ചിട്ടുള്ള നടപടികൾ**<br>5. **പ്രത്യാഘാതത്തിന്റെ തീവ്രത കുറയ്ക്കുവാൻ വേണ്ടു പദ്ധതി രൂപകല്പനയിൽ വരുത്താവുന്ന മാറ്റങ്ങൾ**<br>6. **ആഘാതം കുറയ്ക്കുവാനുള്ള വിശദമായ പ്ലാൻ** |
| 8 | സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതി സ്ഥാപന സംവിധാനം | 1. **സ്ഥാപന നിർമ്മിതിയുടെയും ഓരോ പരിഹാര നടപടികളുടെയും ഉത്തരവാദിത്തമുള്ള പ്രധാന വ്യക്തികളുടെയും വിശദാംശങ്ങൾ**<br>2. **ഓരോ പ്രവർത്തനത്തിന്റെയും സമയരേഖകൾ** |
| 9 | സാമൂഹ്യ പ്രത്യാഘാത ദുരീകരണ ബഡ്ജറ്റ് | 1. **പുനഃസ്ഥാപനത്തിനും പുനരധിവാസത്തിനും വരുന്ന ചിലവ്**<br>2. **വാർഷിക ബഡ്ജറ്റും ആസൂത്രണരേഖയും**<br>3. **സാമ്പത്തിക ശ്രോതസ്സ് തരം തിരിച്ച്** |
| 10. | സാമൂഹ്യ പ്രത്യാഘാത ദുരീകരണ പദ്ധതി - മേൽനോട്ടവും മൂല്യനിർണ്ണയവും | 1. **മേൽനോട്ടവും മൂല്യനിർണ്ണയവും പ്രധാന സൂചികകൾ**<br>2. **റിപ്പോർട്ടിങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും**<br>3. **സ്വതന്ത്ര മൂല്യനിർണ്ണയം** |
| 11. | ചെലവുകളും ആനുകൂല്യങ്ങളും ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ചുള്ള നിർദ്ദേശം -അപഗ്രഥനം | 1. **അന്തിമ ഉപസംഹാരം, ജനകീയ ലക്ഷ്യങ്ങളുടെ വിലയിരുത്തൽ**<br>2. **പ്രത്യാഘാതങ്ങളുടെ സ്വഭാവവും തീവ്രതയും.** |
| | സംഗ്രഹം | |
| | നന്ദി, കടപ്പാട് | |

## പട്ടികകൾ


പട്ടിക 3.6 തൽപരകക്ഷികളുമായുള്ള ആലോചനകളുടെ വിവരങ്ങൾ

പട്ടിക 5.9 വസ്തു കൈവശമായതിന്റെ / ഉടമസ്ഥതയുടെ കാലാവധി

പട്ടിക 6.1 പ്രായഭേദവും ലിംഗഭേദവും അനുസരിച്ച്

പട്ടിക 6.2 മതാനുസൃതമായ വിഭാഗം

പട്ടിക 6.3 പദ്ധതിബാധിത ജനങ്ങളുടെ വൈവാഹികാവസ്ഥ

പട്ടിക 6.4 പദ്ധതിബാധിത ജനങ്ങളുടെ വിദ്യാഭ്യാസാവസ്ഥ

പട്ടിക 6.5 പദ്ധതി ബാധിത ജനങ്ങളുടെ തൊഴിൽ സംബന്ധമായ വിവരങ്ങൾ

പട്ടിക 6.6 പദ്ധതിബാധിത കുടുംബങ്ങളുടെ മാസവരുമാനം

# അനുബന്ധങ്ങൾ

| | |
|---|---|
| അനുബന്ധം 1 (a) | ഗസറ്റ് വിജ്ഞാപനം |
| അനുബന്ധം 1 (b) | വിജ്ഞാപനം (ഇംഗ്ലീഷ്) |
| അനുബന്ധം 1 (c) | വിജ്ഞാപനം (മലയാളം) |
| അനുബന്ധം 1 (d) | ഡ്രാഫ്റ്റ് പബ്ലിഷിംഗ് നോട്ടീസ് കോപ്പി |
| അനുബന്ധം 2 | അഭിമുഖ പ്രശ്നോത്തരി |
| അനുബന്ധം 3 (a) | പബ്ലിക് ഹിയറിംങ് സംബന്ധിച്ച വ്യക്തികൾക്കുള്ള നോട്ടീസ് കോപ്പി |
| അനുബന്ധം 3 (b) | പബ്ലിക് ഹിയറിംങ് സംബന്ധിച്ച വ്യക്തികൾക്കുള്ള നോട്ടിഫിക്കേഷൻ (മംഗളം, മെട്രോ വാർത്താ) |
| അനുബന്ധം 4 | പബ്ലിക് ഹിയറിംഗിൽ പങ്കെടുത്തവരുടെ ലിസ്റ്റ് |

## അദ്ധ്യായം -1

# പഠനത്തിന്റെ സംക്ഷിപ്തരൂപം

### 1.1 ആമുഖം :പദ്ധതിയും ജനകീയ ലക്ഷ്യങ്ങളും

ശബരി റെയിൽ പാത പദ്ധതിയുടെ പ്രധാന ലക്ഷ്യം എന്നത് എറണാകുളം ജില്ലയിലെ അങ്കമാലി റെയിൽവേ സ്റ്റേഷൻ മുതൽ പത്തനംതിട്ട ജില്ലയിലെ എരുമേലി എന്ന സ്ഥലം വരെ റെയിൽവേ ഗതാഗതം സാധ്യമാക്കുക എന്നതാണ്. മണ്ഡലകാലത്ത് ശബരിമല സന്ദർശിക്കുന്ന അയ്യപ്പഭക്തരാണ് ഈ പദ്ധതിയുടെ പ്രത്യക്ഷ ഗുണഭോക്താക്കൾ.

അയ്യപ്പഭക്തർക്ക് മെച്ചപ്പെട്ട ഗതാഗത സൗകര്യം ഒരുക്കുന്നതിനായി കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ ഒത്തുചേർന്നു 1998ൽ ഏറ്റെടുത്ത പദ്ധതിയാണ് ശബരി റെയിൽ പാത പദ്ധതി. ഇതുവഴി കേരളത്തിന്റെ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ ഉന്നമനവും സാധ്യമാകുന്നു. അങ്കമാലി മുതൽ എരുമേലി വരെ 115 കിലോമീറ്റർ റെയിൽവേ പാത വരുന്നത് വഴി പല നേട്ടങ്ങളും ഉണ്ട് റെയിൽവേ പാത കടന്നു പോകുന്ന അങ്കമാലി മറ്റൂർ എന്നീ പ്രദേശങ്ങളിലുള്ള കുറെയധികം അരിമില്ലുകൾക്കും വ്യവസായ സ്ഥാപനങ്ങൾക്കും മലപ്രദേശത്തെ കാർഷിക മേഖലക്കും സഹായകമാകുന്നു.

ശബരി റെയിൽപാതയുടെ വരവോടുകൂടി പല റോഡുകൾക്ക് കുറുകെയും റെയിൽപ്പാത വരുന്നതാണ് ഇതോടനുബന്ധിച്ച് നിലവിലെ റോഡ് ഗതാഗതത്തിൽ നേരിടാവുന്ന ചില തടസ്സങ്ങളെയും പ്രതികൂല സാഹചര്യങ്ങളെയും മുൻകൂട്ടിക്കണ്ട് അത് പരിഹരിക്കുന്നതിനായി 52 റെയിൽവേ മേൽപ്പാലങ്ങൾ നിർമിക്കാൻ ആസൂത്രണം ചെയ്തിട്ടുണ്ട്. ' ലെവൽ ക്രോസുകൾ ഒഴിവാക്കുക' എന്ന റെയിൽവേയുടെ നയത്തിന്റെ അടിസ്ഥാനത്തിലാണ് മേൽപാലങ്ങൾക്ക് കൂടുതൽ പ്രാധാന്യം കൊടുക്കുന്നത് അതിനാൽത്തന്നെ ശബരി റയിൽ പാത നിർമ്മാണം പൂർത്തിയാവുന്നതോടൊപ്പം തന്നെ മേൽപ്പാലങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കാൻ ഉദ്ദേശിച്ചുകൊണ്ടാണ് സ്ഥലം ഏറ്റെടുക്കലും നിർമാണപ്രവർത്തനങ്ങളും നടന്നുകൊണ്ടിരിക്കുന്നത്

## 1.2 പദ്ധതി പ്രദേശം

എറണാകുളം ജില്ലയിലെ ആലുവ താലൂക്കിൽ അങ്കമാലി വില്ലേജിൽപെട്ട പ്രദേശങ്ങളാണ് ഏറ്റെടുക്കുന്നത്.

## 1.3 ഏറ്റെടുക്കുന്ന വസ്തുവിന്റെ വലിപ്പവും അതിന്റെ മേന്മകളും

00.0200 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കാൻ നിർദ്ദേശിച്ചിട്ടുള്ളത്. അങ്കമാലി വില്ലേജിൽപ്പെട്ട പ്രദേശങ്ങളിൽ ജനവാസസ്ഥലം അഥവാ വീട് നഷ്ടപ്പെടുന്നില്ല. തുറസ്സായ ഭൂമിയുമാണ് നഷ്ടമാകുന്നത്.

## 1.4 പരിഗണിക്കപ്പെട്ട ബദൽ മാർഗ്ഗങ്ങൾ

ബാധകമല്ല

## 1.5 സാമൂഹിക ആഘാതം

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുള്ള അവകാശ നിയമം **2013**

## 1.6 പരിഹാര നിർദ്ദേശങ്ങൾ

ഭൂമി ഏറ്റെടുക്കുന്നത് മൂലം ഉണ്ടാകാവുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പ്രധാന നിർദ്ദേശങ്ങൾ

- ഏറ്റെടുക്കുന്ന ഭൂമിക്കും മറ്റ് സമ്പത്തുകൾക്കും ലഭിക്കാവുന്ന ഏറ്റവും ഉയർന്ന നഷ്ടപരിഹാരം കാലതാമസം ഉണ്ടാകാതെ ലഭ്യമാക്കുക.
- നിർദ്ദിഷ്ട പദ്ധതിയിൽ ഒഴിവുവരുന്ന തൊഴിലവസരങ്ങളിൽ ഭൂമി വിട്ടുതരുന്ന കുടുംബങ്ങളിൽ ഉള്ളവർക്ക് തൊഴിൽ സംവരണം ഏർപ്പെടുത്തുക.
- ആവശ്യമുള്ളവർക്ക് നിശ്ചിത തൊഴിൽമേഖലകളിൽ നൈപുണ്യ പരിശീലനം ലഭ്യമാക്കുക.

## അദ്ധ്യായം - 2

# പദ്ധതിയുടെ വിശദ വിവരങ്ങൾ

### 2.1 പദ്ധതിയുടെ ഭരണപരമായ പശ്ചാത്തലം

വർദ്ധിച്ചുവരുന്ന യാത്രക്കാരുടെ എണ്ണം കണക്കിലെടുത്ത് അനുയോജ്യമായ യാത്രാ സൗകര്യങ്ങൾ ഒരുക്കുക എന്നത് വികസിച്ചു കൊ ിരിക്കുന്ന ഒരു സമൂഹത്തിന് അത്യന്താപേക്ഷിതമായ ഒന്നാണ്. കരയിലൂടെയുള്ള യാത്ര സുഗമമാക്കുന്നതിന് റോഡ് ഗതാഗതവും റെയിൽ ഗതാഗതവുമാണ് ജനങ്ങൾ ഏറ്റവുമധികം ആശ്രയിക്കുന്നത്. അതിൽ തന്നെ സാധാരണക്കാരായ ജനങ്ങൾക്ക് കുറഞ്ഞ ചെലവിൽ യാത്രാ സൗകര്യം ഒരുക്കുന്നതിന് റെയിൽ ഗതാഗതമാണ് മുന്നിട്ട് നിൽക്കുന്നത്. കേരളത്തിലെ മദ്ധ്യഭാഗത്തും തീരപ്രദേശത്തുമായി റെയിൽ ഗതാഗതം ഉ ങ്കിലും കിഴക്കേ ഭാഗങ്ങളിൽ റെയിൽ ഗതാഗതം ഇപ്പോഴും പലയിടത്തും എത്തിയിട്ടില്ല. എന്നാൽ ഈ പ്രദേശങ്ങളിലും റെയിൽ ഗതാഗതം സാധ്യമാക്കേ തിന്റെ ആവശ്യകത ഏറി വരുന്നു ്. ശബരിമലയിലേക്കുള്ള ഭക്തജനങ്ങളുടെ എണ്ണം വർദ്ധിക്കുന്നത് ഈ ആവശ്യം ശക്തമാക്കുകയും ചെയ്യുന്നു ്. കേന്ദ്ര-സംസ്ഥാനസർക്കാർ നേതൃത്വത്തിൽ ഈ ആവശ്യങ്ങൾ പഠിച്ചതിന് ശേഷം ഇതിനെല്ലാം പരിഹാരം കാണുന്നതിനായി നടപ്പാക്കുന്ന പദ്ധതിയാണ് അങ്കമാലി ശബരി പദ്ധതി. സ്ഥലം ഏറ്റെടുക്കുന്നതിന്റെ പ്രധാന ചുമതല സംസ്ഥാന സർക്കാരിനും നിർമ്മാണ പ്രവർത്തനങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെയും ചുമതലയിൽപ്പെടുന്നു. ഇതിനുള്ള തുക വകയിരുത്തുന്നത് ഇരുസർക്കാരും ചേർന്നാണ്.

### 2.2 പദ്ധതിയുടെ പശ്ചാത്തലവും യുക്തിയും

ശബരി റെയിൽ പാത പദ്ധതി എന്നത് 115 കി.മി. ദൈർഘ്യം വരുന്ന എറണാകുളം ജില്ലയിലെ അങ്കമാലി മുതൽ ശബരിമലക്ക് അടുത്തുള്ള എരുമേലി വരെ നീളുന്ന റെയിൽ പാത നിർമ്മിക്കുന്നതിനുള്ള പദ്ധതിയാണിത്. 1998 ൽ ഇന്ത്യൻ റയിൽവേയുടെ അംഗീകാരം ലഭിച്ച ഈ പദ്ധതിക്ക് വേണ്ടി 2006 ൽ പെരുമ്പാവൂർ, പാലാഎന്നിവിടങ്ങളിലും 2010 ൽ മൂവാറ്റുപുഴയിലും സ്പെഷ്യൽ തഹസിൽദാർ ഓഫീസ് സ്ഥാപിച്ചു. പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിന് റെയിൽവേയും റവന്യൂ വകുപ്പും ചേർന്ന് സംയുക്ത സർവേ നടത്തുകയുണ്ടായി. അങ്കമാലി മുതൽ കാലടി റെയിൽവേ സ്റ്റേഷൻ വരെയുള്ള റെയിൽപ്പാത നിർമ്മാണ പ്രവർത്തനങ്ങൾ 90% പൂർത്തിയായി.

പദ്ധതി വരുന്നതിന്റെ ഭാഗമായി നിലവിൽ സംഭവിക്കുന്ന പ്രതികൂല സാഹചര്യങ്ങൾ പരിഹരിക്കുന്നതിനായിട്ടാണ് റെയിൽവേ അണ്ടർ പാസേജ് പദ്ധതികൾക്ക് സ്ഥലം കണ്ടെത്തിയിട്ടുള്ളത്.

## 2.3 പദ്ധതിയുടെ സ്ഥലം, വലുപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

00.0200 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കാൻ നിർദ്ദേശിച്ചിട്ടുള്ളത്. അങ്കമാലി വില്ലേജിൽപ്പെട്ട പ്രദേശങ്ങളിൽ ജനവാസസ്ഥലം അഥവാ വീട് നഷ്ടപ്പെടുന്നില്ല. തുറസ്സായ ഭൂമിയുമാണ് നഷ്ടമാകുന്നത്. പദ്ധതി വരുന്നതിന്റെ ഭാഗമായി നിലവിൽ സംഭവിക്കുന്ന പ്രതികൂല സാഹചര്യങ്ങൾ പരിഹരിക്കുന്നതിനായിട്ടാണ് റെയിൽവേ അണ്ടർ പാസേജ് പദ്ധതികൾക്ക് സ്ഥലം കണ്ടെത്തിയിട്ടുള്ളത്

എറണാകുളം, ഇടുക്കി, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളിലായി പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിച്ചിരിക്കുന്നത്. 2005 ൽ പദ്ധതിയുടെചെലവ് പ്രതീക്ഷിച്ചിരുന്നത് 550 കോടി ആയിരുന്നെങ്കിൽ 2011 ൽ അത് 1566 കോടി ആയി പുതുക്കിനിശ്ചയിച്ചിരിക്കുന്നു. കേരളത്തിലെ മൊത്തം ജനസംഖ്യയേക്കാളും അധികമാണ് ശബരിമലയിൽ ഒരു വർഷം വരുന്ന വിശ്വാസികളുടെ എണ്ണം. എന്നാൽ അവർക്കു സഞ്ചരിക്കാനായി ചെലവ് കുറഞ്ഞതും സൗകര്യപ്രദവും ആയ യാത്രസംവിധാനങ്ങൾ ഇല്ലാത്തതു വളരെയേറെ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നുണ്ട്.

## 2.4 ബദൽമാർഗ്ഗങ്ങൾ കണ്ടെത്തൽ

പദ്ധതിയുടെ പ്രാരംഭഘട്ട പ്രവർത്തനങ്ങൾ തുടങ്ങിയതിനാൽ ഇതര മാർഗ്ഗങ്ങൾ പരിഗണിക്കുന്നത് അപ്രസക്തമാണ്.

## 2.5 പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

റെയിൽവേയ്ക്ക് മുകളിലുള്ള മേൽപ്പാലവും അതിനോട് അനുബന്ധമായുള്ള ഭൂഗർഭ പാതയുടെ നിർമ്മാണവുമാണ് വരുന്നത്. അതിൽ റെയിൽവേയ്ക്ക് മുകളിലൂടെ മേൽപ്പാലം ഭൂരിഭാഗവും പൂർത്തിയായിക്കഴിഞ്ഞു, അനുബന്ധ ഭൂഗർഭ പാതയുടെ നിർമ്മാണവുമാണ് പൂർത്തിയാകാനുള്ളത്.

## 2.6 അടിസ്ഥാന രൂപരേഖയുടെ പ്രത്യേകത, വലിപ്പം, സൗകര്യങ്ങളുടെ തരംതിരിവ്

പഠനം ആവശ്യമായി വരുന്നില്ല

## 2.7 അനുബന്ധം സൗകര്യങ്ങളുടെ ആവശ്യകത

അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തേ തില്ല

## 2.8 ആവശ്യമായി തൊഴിൽ ശക്തി

പരിശീലനം സിദ്ധിച്ചതും അല്ലാത്തതുമായ തൊഴിലാളികളുടെ ഉപകരണങ്ങളും ഉൾപ്പെടുന്ന തൊഴിൽ ശക്തിയാണ് പ്രസ്തുത പദ്ധതിക്ക് വേ ത്

## 2.9 പരിസ്ഥിതി ആഘാത വിലയിരുത്തൽ

പഠനം ആവശ്യമായി വരുന്നില്ല

## 2.10 ബാധകമായ നിയമങ്ങളും നയങ്ങളും

നിർദ്ദിഷ്ട ശബരി റെയിൽപാത നിർമ്മാണ പദ്ധതിക്കുവേ ി ഭൂമി ഏറ്റെടുക്കൽ, പുനരധിവാസം, പുനസ്ഥാപനം എന്നിവയെ സംബന്ധിക്കുന്ന നിയമങ്ങൾ ചുവടെ ചേർക്കുന്നു.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശനിയമം
- കേരള സർക്കാർ-റവന്യൂ വകുപ്പ് ഭൂമി ഏറ്റെടുക്കലിൽ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കുമുള്ള നയം
- വിവരാവകാശ നിയമം 2005

## അദ്ധ്യായം - 3

# പഠനസംഘം പഠനസമീപനം പദ്ധതി ശാസ്ത്രം

### 3.1 ആമുഖം

എറണാകുളം ജില്ലാ കളക്ടറുടെ വിജ്ഞാപനം **C2-12783/2017** തീയതി **20/07/2018** അനുസരിച്ച് ശബരി റെയിൽപാത പദ്ധതിയുടെ നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കുന്നത് മൂലം ഉണ്ടാകുന്ന സാമൂഹ്യ പ്രത്യാഘാതവിലയിരുത്തൽ പഠനം നടത്തുന്നതിനായി യൂത്ത് സോഷ്യൽ സർവീസ് ഓർഗനൈസേഷനെ നിയോഗിച്ചു. പദ്ധതി മൂലമുണ്ടാകുന്ന സാമൂഹ്യ പ്രത്യാഘാതങ്ങൾ കണ്ടെത്തുകയും ചെയ്യുക എന്നതാണ് പഠന യൂണിറ്റിന്റെ ഉത്തരവാദിത്വം.

### 3.2 ടീം അംഗങ്ങളുടെ പട്ടിക യോഗ്യത വിശദവിവരങ്ങൾ

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റിന്റെ അധ്യക്ഷനായ യൂത്ത് സോഷ്യൽ സർവീസ് ഓർഗനൈസേഷന്റെ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നേതൃത്വത്തിൽ വിവിധ സാമൂഹ്യ സാമ്പത്തിക സർവ്വേകളും സാമൂഹ്യ പ്രത്യാഘാത വിലയിരുത്തലും നടത്തിയ അനുഭവ സമ്പത്തുള്ള എട്ടു പേരടങ്ങുന്ന സംഘമാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തലിനു വേണ്ടിയുള്ള വിവരശേഖരണവും ഏകോപനവും നടത്തിയത്. വികസന/നിയമ മേഖലകളിലെ വിദഗ്ധരുടെ സേവനവും സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനും റിപ്പോർട്ട് തയ്യാറാക്കുന്നതിനും പ്രയോജനപ്പെടുത്തി. കൂടാതെ പ്രത്യാഘാത ബാധിത പ്രദേശങ്ങൾ കണ്ടെത്തുവാൻ റവന്യൂ ഉദ്യോഗസ്ഥ പ്രതിനിധികളുടെ സഹായവും ഉണ്ടായിരുന്നു.

| ക്രമ നമ്പർ | പേര് | സ്ഥാനം, യോഗ്യത, പ്രവർത്തി പരിചയം |
|---|---|---|
| 1. | ജോർജ്ജ് ജോസഫ് | ടീം ലീഡർ, MBA വികസന മേഖലയിൽ 10 വർഷത്തെ പ്രവർത്തി പരിചയം |

| | | |
|---|---|---|
| 2. | കുര്യാക്കോസ് ജോർജ് | പ്രൊജക്റ്റ് കോർഡിനേറ്റർ LLB വികസന മേഖലയിൽ 15 വർഷത്തെ പ്രവർത്തി പരിചയം |
| 3. | ബൈജു പി.ടി | റിസർച്ച് അസോസിയേറ്റ്, MSW വികസന മേഖലയിൽ 10 വർഷത്തെ പ്രവർത്തി പരിചയം |
| 4. | പി.സി. ജോസ് | റിസർച്ച് അസോസിയേറ്റ്, MSW വികസനമേഖലയിൽ 10 വർഷത്തെ പ്രവർത്തി പരിചയം |
| 5. | ഷോളി | റിസർച്ച് അസോസിയേറ്റ്, MSW വികസന മേഖലയിൽ 5 വർഷത്തെ പ്രവർത്തി പരിചയം |
| 6. | നിതിൻ പി.എസ്. | റിസർച്ച് അസോസിയേറ്റ്, MSW വികസന മേഖലയിൽ 1 വർഷത്തെ പ്രവർത്തി പരിചയം |

## 3.3 സാമൂഹ്യ പ്രത്യാഘാത നിർണ്ണയവും സാമൂഹ്യ പ്രത്യാഘാത പദ്ധതി നിർവ്വഹണം തയ്യാറാക്കൽ പ്രക്രിയയും

ജനങ്ങളുടെ ഭൗതീകമോ സാമ്പത്തികമോ ആയ കുടിയൊഴിപ്പിക്കലിന് കാരണമായിട്ടുണ്ടെങ്കിൽ, അങ്ങനെയുള്ള സാമൂഹ്യ പ്രത്യാഘാതങ്ങളുടെ വിലയിരുത്തൽ നടത്തുകയും അതിനാവശ്യമായ പുനരധിവാസപദ്ധതി നടപ്പിലാക്കുകയും ചെയ്യേണ്ടതാണ്. പദ്ധതി മൂലം നഷ്ടപ്പെടുന്ന ഉപജീവനമാർഗ്ഗം അതിൽ കുറയാത്ത രീതിയിൽ തന്നെ പദ്ധതി നിർവ്വഹണത്തിന് ശേഷം പുനസ്ഥാപിക്കപ്പെട്ടുവെന്ന് സാമൂഹ്യ പ്രത്യാഘാത നിർവഹണ പദ്ധതിയിൽ ഉറപ്പ് വരുത്തേണ്ടതാണ്. സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ രൂപരേഖ തയ്യാറാക്കുമ്പോൾ പഠനം സംഘം ചില ആവശ്യ ഘടകങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്. അവയാണ്. 1. പദ്ധതിയുടെ സാമൂഹികവും സാമ്പത്തികവുമായ പ്രത്യാഘാതങ്ങളെക്കുറിച്ചുള്ള അറിവ്. 2. ഏറ്റെടുക്കലും അതിന്റെ നഷ്ടപരിഹാരവും സംബന്ധിച്ചുള്ള നിയമപരമായ വിവരങ്ങളെക്കുറിച്ചുള്ള അറിവ്.

സാമൂഹ്യ പ്രത്യാഘാതങ്ങളുടെ വിലയിരുത്തൽ പഠനത്തിന്റെ സമീപനവും പദ്ധതി ശാസ്ത്രവുമാണ് ചിത്രം 3.1ൽ ഫ്ളോ ചാർട്ട് രൂപത്തിൽ നൽകിയിരിക്കുന്നത്. കൂടാതെ, പഠനത്തിന്റെ വിവിധ ഘട്ടങ്ങളെക്കുറിച്ചുള്ള വിശദമായ വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

## 3.3 സാമൂഹ്യ പ്രത്യാഘാത പഠന രീതിയും മാർഗ്ഗങ്ങളും

**ഘട്ടം 1** **സർവ്വേക്ക് മുമ്പുള്ള പ്രവർത്തികൾ**

| സാമൂഹ്യ അവലോകനവും പ്രാഥമിക കൂടിയാലോചനയും | പ്രാഥമിക സർവ്വേയും വാതിൽപ്പുറ ജോലിയുടെ ആരംഭവും |
|---|---|
| • വിശദമായ പദ്ധതി അവലോകനം<br>• പദ്ധതി രൂപരേഖ തയ്യാറാക്കൽ<br>• RFCT in LARRനിയമം 2013<br>• ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട സംസ്ഥാന നിയമം | • പ്രാരംഭ പഠനം<br>• തയ്യാറെടുപ്പും സർവ്വേ ഉപകരണങ്ങളുടെ പരിശോധനയും<br>• വിവര ശേഖരണത്തിനായുള്ള സംഘങ്ങളെ കണ്ടെത്തൽ<br>• പ്രഥമ റിപ്പോർട്ടിന്റെ അന്തിമരൂപം നൽകൽ |

**ഘട്ടം 2 വിവര ശേഖരണ രീതിയും നടത്തിപ്പും നിർവ്വഹണ സംവിധാനം**

| പദ്ധതി ബാധിത കുടുംബങ്ങൾ/ജനങ്ങൾ സമൂഹം | പദ്ധതി നടപ്പിലാക്കാനാവശ്യമായ സജ്ജീകരണങ്ങൾ |
|---|---|
| • ഫീൽഡ് സ്റ്റാഫിന് പരിശീലനം നൽകൽ<br>• പദ്ധതി ബാധിത കുടുംബാംഗങ്ങളുമായി നടത്തിയ വിവര ശേഖരണം<br>• ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചകൾ | • നിയമപരമായ നയങ്ങളുടെയും നിയന്ത്രണങ്ങളുടെയും വിശകലനം<br>• പുനരധിവാസ പദ്ധതിയെക്കുറിച്ച് സ്ഥലത്തെ ഉദ്യോഗസ്ഥരുമായുള്ള വിശകലനം<br>• വിവരങ്ങളുടെ വിശകലനം<br>• വിവരശേഖരണവും വിശകലനവും പ്രത്യാഘാത വിലയിരുത്തലിന്റെ കരട് രൂപം |

**ഘട്ടം 3 സർവ്വേക്ക് ശേഷമുള്ള പ്രവർത്തികളും വിശകലന രൂപ രേഖയും**

| വിവരങ്ങൾ പട്ടിക രൂപത്തിലാക്കുകയും വിശകലന രൂപരേഖയും | സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ റിപ്പോർട്ടിൻമേലുള്ള ആലോചനകൾ |
|---|---|
| • വിവരങ്ങളുടെ ഏകോപനവും ക്രോഡീകരണവും രേഖപ്പെടുത്തലും<br>• സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ റിപ്പോർട്ടിന്റെ അന്തിമമായ രൂപപ്പെടുത്തൽ<br>• സർവ്വേയിലൂടെ ലഭിച്ച വിവരങ്ങളുടെ വിശകലനം<br>• കരട് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ റിപ്പോർട്ടിന്റെ കരട് രേഖ തയ്യാറാക്കലും സമർപ്പിക്കലും | • പബ്ലിക് ഹിയറിങ് സംഘടിപ്പിക്കൽ<br>• സാമൂഹ്യ പ്രത്യാഘാതങ്ങൾ വിലയിരുത്തലിന്റെ ഭാഗമായി കണ്ടെത്തിയ കാര്യങ്ങൾ പദ്ധതി ബാധിത ജനങ്ങളുമായും കൂടിയാലോചിക്കൽ<br>• തൽപര കക്ഷികളുമായി അവരുടെ ആശങ്കകൾ പങ്കുവയ്ക്കൽ<br>• ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അവലോകനവും അഭിപ്രായങ്ങളും<br>• അഭിപ്രായങ്ങളുടെ സംയോജനവും അന്തിമ സാമൂഹ്യപ്രത്യാഘാത പഠനറിപ്പോർട്ട് സമർപ്പിക്കൽ |

## 3.4 മാതൃകകൾ നടത്തിയ രീതി

മുൻപ് നടത്തിയിട്ടുള്ള പഠനങ്ങളിൽനിന്നും ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ശേഖരിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയാണ് ദ്വിതീയ സ്രോതസ്സുകളിൽ നിന്നുള്ള വിവരങ്ങൾ തയ്യാറാക്കിയത്. പദ്ധതി ബാധിത പ്രദേശങ്ങളിൽ നടത്തിയ സർവേയിൽ പദ്ധതി ബാധിതരുടെ വിവരങ്ങളും അവിടുത്തെ ജനങ്ങളുടെ ഭൗതികവും സാമൂഹികവും സാമ്പത്തികവും സാംസ്കാരികവുമായ അവസ്ഥകളെക്കുറിച്ചും മനസ്സിലാക്കുവാൻ സാധിച്ചു.

## 3.5 വിവരസ്രോതസ്സിന്റെ അവലോകനം

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തലിന്റെ വിശദമായ പഠനം ആരംഭിക്കുന്നതിന് മുൻപ് സാമൂഹ്യസാമ്പത്തിക സർവ്വേയുടെ സ്ഥല സന്ദർശനവും പ്രാരംഭം പഠനവും നടത്തി. കൂടാതെ പദ്ധതി ബാധിതരുമായി സംസാരിക്കുകയും അവരുടെ പ്രതികരണങ്ങൾ രേഖപ്പെടുത്തുകയും ചെയ്തു. അഭിമുഖം സംഭാഷണ ഷെഡ്യൂളിൽ ആവശ്യമായ കൂട്ടിച്ചേർക്കലുകളും തിരുത്തലുകളും സംഘം നടത്തി. 01/10/2018 ന് സംഘം സ്ഥലം സന്ദർശിക്കുകയും പദ്ധതി രൂപരേഖയിൽ ഉൾപ്പെട്ട പ്രദേശങ്ങൾ വ്യക്തമായി മനസ്സിലാക്കുകയും, അതിനു ശേഷം പദ്ധതി ബാധിത പ്രദേശത്തെ ജനങ്ങളുമായി പദ്ധതിയെക്കുറിച്ച് സംസാരിക്കുകയും, അവരിൽ ഇതിനെക്കുറിച്ചുള്ള അവബോധം ഉണ്ടാക്കിയെടുക്കുവാൻ ആയി യോഗം നടത്തുകയും ചെയ്തു. 2018 ഒക്ടോബർ മാസം സംഘം വിവരങ്ങൾ ശേഖരിച്ചു.







## 3.6 തൽപരകക്ഷികളുമായുള്ള ആലോചനകളുടെ വിവരങ്ങൾ

| ക്രമ നമ്പർ | വ്യക്തിയുടെയും/ കുടുംബത്തിന്റെ പേരും വിലാസവും | സർവ്വേ നമ്പർ | വിശദീകരിച്ച സാഹചര്യം | ഉന്നയിച്ച പ്രശ്നങ്ങൾ/ ആവശ്യങ്ങൾ |
|---|---|---|---|---|
| 1. | എം.ജി.ശ്രീകുമാർ, അരുണാലയം വീട്, നായത്തോട്, അങ്കമാലി | 259/12 | പദ്ധതിബാധിത പ്രദേശം രണ്ടാം തവണയാണ് ഏറ്റെടുക്കുന്നത് | പദ്ധതിബാധിത പ്രദേശമായി വന്നിരിക്കുന്നത് അദ്ദേഹത്തിന്റെ തുറസ്സായ സ്ഥലം ആണ്. പദ്ധതി ബാധിത പ്രദേശം കടന്നു പോകുന്നത് ധാരാളം ഫലദാകയക വസ്തുക്കൾ നിൽക്കുന്ന |

| | | | | |
|---|---|---|---|---|
| | | | | തിലൂടെയാണ്. (തേക്ക്, മഹാഗണി, മാവ്, കശുമാവ്, വാകമരം) പുതിയ അണ്ടർ പാസേജ് വരുന്നത് കൊണ്ട് സ്ഥലം നടുവിനെ മുറിയുന്നതുകൊണ്ട് ഭൂമി ഉപയോഗ ശൂന്യമായി അതിൽ ഒരു കെട്ടിടം പണിയാനോ മറ്റെന്തെങ്കിലും ആവശ്യത്തിനോ ഉപകരിക്കില്ല. ആയതിനാൽ ബാക്കി മുറിഞ്ഞു പോയ സ്ഥലം മുഴുവനായി ഏറ്റെടുക്കണമെന്നും ന്യായമായ നഷ്ടപരിഹാരം നൽകണമെന്നും ആവശ്യപ്പെട്ടു. |
| 2 | മുകുന്ദൻ പറമ്പത്തുകുടി വീട്, നായത്തോട് അങ്കമാലി | 259/1-2 | | പുനസ്ഥാപന മൂല്യത്തിനനുസൃതമായ നഷ്ടപരിഹാരത്തുക നൽകണം. |
| 3 | 253, 254 | | | റെയിലിന്റെ തെക്കുഭാഗത്തായി കാണപ്പെടുന്ന ഈ സർവ്വേ നമ്പരുകളിൽ ഉൾപ്പെടുന്ന സ്ഥലത്ത് അണ്ടർ പാസേജിനായി ഏറ്റെടുക്കുന്നതിനായി കല്ലുകളൊന്നും സ്ഥാപിച്ചിട്ടില്ല. അലൈൻമെന്റ് പരിശോധിച്ചപ്പോൾ 259 സർവ്വേ നമ്പർ മാത്രമാണ് അണ്ടർ പാസേജിനായി റെയിൽവേ ഏറ്റെടുക്കുന്നത് എന്ന് അറിയാൻ കഴിഞ്ഞു. |

## 3.7. നടത്തിയിട്ടുള്ള പൊതുവിസ്താരത്തിന്റെ ചുരുങ്ങിയ വിവരണം

## പബ്ലിക് ഹിയറിംഗ്

ശബരി റെയിൽവേ പദ്ധതിക്ക് വേണ്ടി സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് ആലുവ താലൂക്കിലെ അങ്കമാലി വില്ലേജ് ബ്ലോക്ക് നമ്പർ 12-ൽ ഉൾപ്പെട്ട ഭൂവുടമകൾക്കും അധികാരി കളുമായുള്ള പബ്ലിക് ഹിയറിംങ് 2018 ഒക്ടോബർ 31 രാവിലെ 10.00 മണിക്ക് നായത്തോട് സ്ത്രീ ശാക്തീകരണ ഹാളിൽവച്ച് നടത്തി.

പെരുമ്പാവൂർ സ്പെഷ്യൽ തഹസിൽദാർ (എൽ.എ) ശ്രീ അനി പി.എൻ. ഡെപ്യൂട്ടി തഹസിൽദാർ ശ്രീ. ആർ. സാബു, റവന്യൂ ഇൻസ്പെക്ടർ ശ്രീമതി സിമ്മി ആന്റണി, എറണാ കുളം സതേൺ റെയിൽവേ, അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എൻജിനീയർ ശ്രീ. എം.വി. പൗലോസ്, സെക്ഷൻ എൻഞ്ചിനീയർ തോമസ്ജോസ്, അങ്കമാലി കൗൺസിലർ ശ്രീ. ഗിരീഷ് കുമാർ അങ്കമാലി വില്ലേജിൽനിന്നും എസ്. വി. ഒ ശ്രീ.ഡിന്റോ എസ്തപ്പാനു, യൂത്ത് സോഷ്യൽ സർവ്വീസ് ഓർഗനൈസേഷൻ പഠനസംഘം അംഗങ്ങൾ തുടങ്ങിയവരുൾപ്പെടെ യുള്ളവർ യോഗത്തിൽ പങ്കെടുത്തു.

പബ്ലിക് ഹിയറിങ്ങിൽ പങ്കെടുത്ത ഗുണഭോക്താക്കൾ അവരുടെ പ്രശ്നങ്ങൾ ബന്ധപ്പെട്ട അധികാരികളുമായി ചർച്ച ചെയ്തു. അങ്കമാലി വില്ലേജിലെ ബ്ലോക്ക് നമ്പർ 12 ൽ ഉൾപ്പെട്ട സ്ഥലമാണ് പദ്ധതി പ്രദേശമായി വന്നിരിക്കുന്നത്. പദ്ധതിക്കാ യി ഒരു വ്യക്തിയുടെ സ്ഥലം ഏറ്റെടുക്കുമ്പോൾ ബാക്കി വരുന്ന സ്ഥലം ഉപയോഗ ശൂന്യമാകുന്നു. ആയതിനാൽ ബാക്കിവരുന്ന സ്ഥലംകൂടി ഏറ്റെടുക്കണമെന്ന് ആഘാത ബാധിതർ ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് ആവശ്യപ്പെട്ടു. ഏറ്റെടുക്കുമ്പോൾ ബാക്കി വരുന്ന സ്ഥലം കൂടി ഏറ്റെടുക്കാൻ കഴിയില്ലെന്ന് എറണാകുളം സതേൺ റെയിൽവേ ഓഫീസർമാർ അറിയിച്ചു.


അങ്കമാലി ശബരി
റെയിൽ പദ്ധതി
സമയം:
തീയതി:




അങ്കമാലി ശബരി
റെയിൽ പദ്ധതി
സമയം:



## അദ്ധ്യായം – 4

# സ്ഥലത്തിന്റെ മൂല്യനിർണ്ണയം

### 4.1 പശ്ചാത്തലം

പദ്ധതി ബാധിത വ്യക്തികളെയും അവരുടെ കുടുംബാംഗങ്ങളെയും ഉൾപ്പെടുത്തി 2018 ഒക്ടോബർ മാസത്തിൽ സാമൂഹികാഘാത പഠന യൂണിറ്റ് സാമൂഹ്യ സാമ്പത്തിക സർവ്വേ നടത്തുകയുണ്ടായി. കുടുംബത്തിന്റെ വരുമാനമാർഗം, ഉപയോഗ്യയോഗ്യമായ വസ്തുവകകൾ ഉപജീവന മാർഗം എന്നിവയെ നിർദിഷ്ട പദ്ധതി എങ്ങിനെയെല്ലാം ബാധിക്കും എന്ന് ഈ സർവേയിലൂടെ മനസ്സിലാക്കാൻ കഴിഞ്ഞു. മുൻകൂട്ടി തയ്യാറാക്കിയ ചോദ്യാവലിയാണ് ഇതിനായി ഉപയോഗിച്ചത്. പദ്ധതി ബാധിത കുടുംബത്തിന്റെയോ സ്ഥാപനങ്ങളുടെയോ സാമൂഹിക സാമ്പത്തിക ഘടന വസ്തുവകകളുടെ തരം സ്വത്തിന്മേൽ ഉള്ള അവകാശം എന്തൊക്കെ പ്രത്യാഘാതങ്ങൾ ഉണ്ടായേക്കാം, അതിന്റെ വ്യാപ്തി ബാധിത വസ്തുവകകളുടെ വിവരണങ്ങൾ എന്നിവ നിർണയിക്കുകയായിരുന്ന ഈ സർവേയുടെ പ്രധാനലക്ഷ്യം. സർവേയുടെ കണ്ടെത്തലുകളും പ്രശ്നത്തിന്റെ വ്യാപ്തിയും ചുവടെ ചേർക്കുന്നു

### 4.2 പദ്ധതിക്കാവശ്യമായ ഭൂമി

നിർദിഷ്ട പദ്ധതിക്കാവശ്യമായ അങ്കമാലി റെയിൽവേ പദ്ധതിയുടെ അനുബന്ധ അണ്ടർ പാസേജ് നിർമ്മാണത്തിനായി അങ്കമാലി വില്ലേജിൽ ഉൾപ്പെട്ട ഭൂമിയാണ് ഏറ്റെടുക്കുന്നത്. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്ന സ്ഥലം സ്വകാര്യ വ്യക്തികളുടെ ഉടമ സ്ഥതയിൽ ഉള്ളതാണ്. വ്യക്തികളുടെ കൂട്ടുടമസ്ഥതയിലോ, സ്ഥാപനങ്ങളുടെ ഉടമസ്ഥത യിലോ ഉള്ളതായ ഭൂമി ഉൾപ്പെടുന്നില്ല.

### 4.3 പദ്ധതിയുടെ സ്വാധീനംമൂലം മൊത്തത്തിലുള്ള പ്രത്യാഘാതം

പദ്ധതി നിർവ്വഹണത്തിനായി 00.0200 ഹെക്ടർ ഭൂമിയാണ് ആവശ്യമായി വരുന്നത്. പ്രസ്തുത ഭൂമി രണ്ട് സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളത് . ഇതിൽ തുറസ്സായ സ്ഥലം മാത്രമാണുള്ളത്.

### 4.4 പൊതു ഭൂമിയുടെ ആവശ്യകത

ബാധകമല്ല

### 4.5 പദ്ധതിക്കുവേ ി ഇതിനോടകം വാങ്ങിയതോ, തിരിച്ചിട്ടതോ വാട കയ്ക്കെടുത്തതോ, ഏറ്റെടുത്തതോ ആയ സ്ഥലം

പദ്ധതിപ്രദേശത്ത് ഇത്തരത്തിലുള്ള ഭൂമി ഉൾപ്പെടുന്നില്ല.

### 4.6 പദ്ധതി പ്രദേശത്തെ മുൻകാല വ്യവഹാരങ്ങൾ

വിവരദാതാക്കളിൽ നിന്ന് ലഭിച്ച വിവര പ്രകാരം പദ്ധതി പ്രദേശത്ത് കഴിഞ്ഞ 3 വർഷമായി വ്യവഹാരങ്ങൾ ഒന്നും നടന്നിട്ടില്ല.

## അദ്ധ്യായം -5

# കണക്കാക്കലും ഗണനവും

### 5.1 ആമുഖം

പദ്ധതിയുടെ നടത്തിപ്പിൽ പ്രത്യക്ഷമായും പരോക്ഷമായും കുടുംബങ്ങൾക്ക് നേരിടേണ്ടി വരുന്ന ആഘാതത്തിന്റെ അളവും നഷ്ടപ്പെടുന്ന വസ്തുവകകളുടെ വിലയിരുത്തലുമാണ് ഈ അദ്ധ്യായത്തിൽ ഉൾപ്പെടുന്നത്.

### 5.2 പദ്ധതിയുടെ ആഘാതം പ്രത്യക്ഷത്തിൽ ബാധിക്കുന്നവർ

പദ്ധതി ബാധിത പ്രദേശങ്ങളിൽ  തുറസ്സായ സ്ഥലമാണ് ഉൾപ്പെടുന്നത്

### 5.3 പദ്ധതിയുടെ പരോക്ഷമായ പ്രത്യാഘാതം

പദ്ധതി ബാധിത പ്രദേശങ്ങളിൽ  തുറസ്സായ സ്ഥലമാണ് ഉൾപ്പെടുന്നത്. ഈ പദ്ധതിയിൽ കുടുംബം നഷ്ടപ്പെടുന്നവർ ഉൾപ്പെടുന്നില്ല.

### 5.4 പട്ടിക വർഗ്ഗക്കാരുടെയോ വനാവകാശം നഷ്ടപ്പെടുന്ന പരമ്പരാഗത വന നിവാസികളുടെയും കുടുംബം

പദ്ധതി ബാധിത പ്രദേശത്ത് ഈ കുടുംബങ്ങൾ ഒന്നും തന്നെ ഉൾപ്പെടുന്നില്ല.

### 5.5 ഏറ്റെടുക്കൽ മൂലം ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ട് പൊതുസ്ഥലത്തെ ആശ്രയിച്ച് കഴിയുന്ന കുടുംബങ്ങൾ

ബാധകമല്ല.

## 5.6 ഏറ്റെടുക്കുന്ന സ്ഥലം സംസ്ഥാന കേന്ദ്രസർക്കാരുകളുടെ ഏതെങ്കിലും ക്ഷേമപദ്ധതിയുടെ ഭാഗമായി ലഭിച്ച കുടുംബങ്ങളുടെ താണോ?

പദ്ധതി ബാധിത പ്രദേശങ്ങൾ ഇതിൽ ഉൾപ്പെടുന്നില്ല.

## 5.7 ഏറ്റെടുക്കലിന് മൂന്നു വർഷമോ അതിലധികമോ മുമ്പ് നഗരപ്രദേശങ്ങളിൽ പാർക്കുന്ന കുടുംബങ്ങളാണോ?

ബാധകമല്ല

## 5.8 ഏറ്റെടുക്കൽ സ്ഥലം മൂന്ന് വർഷമായി ഉപജീവനമാർഗ്ഗത്തിനായി ആശ്രയിച്ചിരുന്ന കുടുംബങ്ങളാണോ

ബാധകമല്ല

## 5.9 ആഘാത ബാധിക കുടുംബങ്ങൾ

വസ്തു കൈവശമായതിന്റെ ഉടമസ്ഥതയുടെ കാലാവധി

| ക്രമനമ്പർ | സർവ്വേ നമ്പർ | ഉടമസ്ഥതയുടെ കാലാവധി |
|---|---|---|
| 1 | 259/12 | 26 വർഷം |
| 2 | 259/1-2 | 21 വർഷം |

## 5.10 ഫലദായക വസ്തുക്കളുടെ വിവരങ്ങൾ

പദ്ധതി ബാധിത പ്രദേശത്ത് ഫലദായക വസ്തുക്കൾ ഉണ്ടായിരുന്നു (തേക്ക്, മഹാഗണി, മാവ്, കശുമാവ്, വാകമരം) പദ്ധതി വരുന്നതിന്റെ ഫലമായി ഇത് എല്ലാം നശിപ്പിക്കപ്പെടും എന്നാണ് അറിയാൻ കഴിഞ്ഞത്

## അദ്ധ്യായം -6

# സാമൂഹ്യ സാമ്പത്തിക രൂപരേഖ

### ആമുഖം

പദ്ധതി ബാധിത കുടുംബങ്ങളുടെ സാമൂഹ്യ സാമ്പത്തിക - സാംസ്കാരിക തലങ്ങളിലെ അവസ്ഥയും, പ്രസ്തുത ഘടകങ്ങലുടെ സ്ഥിതിവിശേഷവുമാണ് ഈ അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ജനസംഖ്യാപരമായ വിശദാംശങ്ങൾ, സ്ഥിതി, പദ്ധതി ബാധിത കുടുംബങ്ങളുടെ ഇടയിലുള്ള ദുർബല ജനവിഭാഗം; പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ, ജീവനോപാധി ബാധിതമായ കുടുംബങ്ങൾ, പദ്ധതി ബാധിതമായ ജനങ്ങളുടെ സാമൂഹ്യവത്ക്കരണം, അനുബന്ധ വിവരങ്ങൾ എന്നിവയാണ് ഈ അദ്ധ്യായത്തിൽ ചേർത്തിരിക്കുന്നത്.

### 6.1 ജനസംഖ്യാപരമായ വിശദാംശങ്ങൾ

(പട്ടിക 6:1 പ്രായഭേദവും ലിംഗഭേദവും അനുസരിച്ച്)

| വയസ്സ് | എണ്ണം | ശതമാനം |
|---|---|---|
| 11 - 20 | 2 | 33.35 |
| 21 - 30 | 0 | 0 |
| 31 - 40 | 0 | 0 |
| 41 - 50 | 2 | 33.35 |
| 51 - 60 | 2 | 33.35 |
| 61 - 70 | 0 | 0 |
| ആകെ | 6 | 100% |

## 6.2 മതാനുസൃതമായ വിഭാഗം

| മതം | കുടുംബങ്ങളുടെ എണ്ണം | ശതമാനം |
|---|---|---|
| മുസ്ലിം | 0 | 0 |
| ക്രിസ്ത്യൻ | 0 | 0 |
| ഹിന്ദു | 2 | 100 |
| | 2 | 100 |

## 6.3 പദ്ധതി ബാധിതരായ ജനങ്ങളുടെ വൈവാഹികാവസ്ഥ

| വൈവാഹികാവസ്ഥ | വ്യക്തികളുടെ എണ്ണം | ശതമാനം |
|---|---|---|
| വിവാഹിതർ | 2 | 50 |
| അവിവാഹിതർ | 2 | 50 |
| വിധവ | 0 | 0 |
| ആകെ | 4 | 100 |

ആകെയുള്ള പദ്ധതി ബാധിതരിൽ 50% വിവാഹിതരും 50% അവിവാഹിതരും ഉൾപ്പെടുന്നു.

## 6.4 പദ്ധതി ബാധിത ജനങ്ങളുടെ വിദ്യാഭ്യാസ അവസ്ഥ

| വിദ്യാഭ്യാസം | എണ്ണം | ശതമാനം |
|---|---|---|
| പ്രാഥമിക വിദ്യാഭ്യാസം | 3 | 50% |
| പ്ലസ്ടു | 1 | 16.5 |
| ബിരുദം | 0 | 0 |
| ബിരുദാനന്തര ബിരുദം | 2 | 33.5 |

| | | |
|---|---|---|
| ആകെ നിരക്ഷരൻ | 0 | 0 |
| ആകെ | 6 | 100 |

## വരുമാനവും ദാരിദ്ര്യരേഖയും

പൊതുവിതരണ സംവിധാനമനുസരിച്ച് പ്രശ്നബാധിത കുടുംബം ദാരിദ്ര്യരേഖയ്ക്ക് മുകളിൽ പെടുന്നതാണ്.

## 6.5 പദ്ധതിബാധിത ജനങ്ങളുടെ തൊഴിൽ സംബന്ധമായ വിവരങ്ങൾ

| മേഖല | കുടുംബാംഗങ്ങളുടെ എണ്ണം | ശതമാനം |
|---|---|---|
| കൂലിപ്പണി | 1 | 16.5 |
| പ്രൈവറ്റ് ജോലി | 1 | 16.5 |
| കൃഷി | 0 | 0 |
| കേന്ദ്രഗവൺമെന്റ് | 1 | 16.5 |
| ആശ്രിതർ | 3 | 50 |
| ആകെ | 6 | 100% |

പദ്ധതിബാധിത പ്രദേശത്ത് 3 വ്യക്തികൾ മാത്രം ആണ് ജോലി ചെയ്യുന്ന്. ബാക്കി വരുന്നവർ ആശ്രിതരാണ്

## 6.6 കുടുംബ വരുമാനം (പ്രതിമാസം)

| പ്രതിമാസ കുടുംബവരുമാനം | എണ്ണം | ശതമാനം |
|---|---|---|
| 10000 25000 | 1 | 50% |
| 25000 മുകളിൽ | 1 | 50% |
| | 2 | 100 |

## ഭൂമിയുടെ ഉപയോഗവും ഉപജീവനവും

പദ്ധതി ബാധിത പ്രദേശത്തെ വ്യക്തികളുടെ തുറസ്സായ സ്ഥലം മാത്രമാണ് ഉൾപ്പെടുന്നത്

## അദ്ധ്യായം -7

# സാമൂഹ്യ പ്രത്യാഘാത പദ്ധതി നിർവ്വഹണ ആസൂത്രണം

### 7.1 ആഘാതം കുറയ്ക്കുന്നതിനുള്ള സമീപനം

